പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 184

07/02/2019 - ൽ മറുപടിക്ക്

## സഹകരണ പ്രസ്ഥാനവും വില നിയന്ത്രണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.വി. അൻവർ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ഒ. ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഉപഭോക്തൃ പ്രധാനമായ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്താനായി സഹകരണ പ്രസ്ഥാനം നടത്തിവരുന്ന ഇടപെടൽ വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്താനായി കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നീതി സ്റ്റോറുകളിലൂടേയും പൊതു വിപണിയിലെ വിലയേക്കാളും കുറഞ്ഞ വിലയിൽ നിത്യോ പയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ട് വരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്തു വരുന്നു. സഹകരണ സംഘങ്ങൾ മുഖേന സബ്സിഡി ഇല്ലാത്ത ഇനങ്ങളും മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.കഴിഞ്ഞ റംസാൻ വിപണി ഓണം വിപണി ക്രിസ്തുമസ്- പുതുവത്സര വിപണി എന്നിവയ്ക്ക് കൺസ്യൂമർഫെഡിന് സർക്കാർ പണം അനുവദിച്ച നൽകിയിരുന്നു.. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡിൽ ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി പർച്ചേസ് കമ്മറ്റി വിപുലീകരിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണന മേളകൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് 3466 വിപണികളിലൂടേയും ക്രിസ്തുമസ് പുതുവത്സരം പ്രമാണിച്ച് 460 വിപണികളിലൂടേയും നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയിരുന്നു. ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 100 കോടി രൂപ വകയിരുത്തിയിരുന്നു. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശമേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം ലഭ്യമാക്കി വരുന്നു. സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000-നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ് കൂളുകൾ ഉറക്കുന്നതിന് മുമ്പായി സ്റ്റുഡന്റ് മാർക്കറ്റുകൾ ആരംഭിക്കുന്നു. സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്ന വിപണി ഇടപെടൽ സംസ്ഥാനത്തെ വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ചു നിർത്തുന്നതിന് സഹായകരമായി വർത്തിച്ചിട്ടുണ്ട്. |
| ബി) | മുൻ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് കൺസ്യൂമർഫെഡിനെ തകർച്ചയിൽ നിന്ന് കരകയറ്റുന്നതിനും ജനകീയമാക്കുന്നതിനും സഹകരണ വകുപ്പ് നടത്തിയ പ്രവർത്തനം | ബി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളിൽ അഴിമതി അവസാനിപ്പിച്ച് ജനോപകാരപ്രദമാക്കി മാറ്റുന്നതിന്റെ ഭാഗമായി 3 അംഗ അഡ്മിനിസ്റ്റേറ്റീവ് കമ്മറ്റിയെ 25.07.2016-ൽ ഫെഡറേഷന്റെ ഭരണ നിർവ്വഹണത്തിനായി നിയമിച്ചിരുന്നു. ഈ കമ്മിറ്റി |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | ചാർജെടുത്ത ശേഷം ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ ടെൻഡർ സംവിധാനം നടപ്പിലാക്കി ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി കെട്ടി കിടന്നിരുന്ന സാധനങ്ങൾ ലേലം ചെയ്തു. ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങൾ നടപടി ക്രമങ്ങൾ പാലിച്ച് പരസ്യ ലേലം വഴി വിറ്റഴിച്ചു ജീവനക്കാരെ ശാസ്ത്രീയമായി തിട്ടപെടുത്തി പുനർവിന്യസിച്ചു. ലാഭകരമല്ലെന്ന് കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കി. 2012-13 മുതൽ 2015-16 വരെയുള്ള കുടിശ്ശിക ആഡിറ്റ് പൂർത്തിയാക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 61.63 കോടി രൂപയും 2019 ഡിസംബർ വരെ ഏകദേശം 55 കോടിയോളം രൂപയും ഫെഡറേഷൻ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. സപ്ലൈയേഴ്സിന് നൽകുവാനുണ്ടായിരുന്ന കുടിശ്ശികയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 38.9932 കോടി രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം ഫെഡറേഷൻ നൽകിയിട്ടുണ്ട്. ഉത്സവ വിപണികൾക്കായി 2016-17 വർഷം 3 കോടി രൂപയും 2017-18 വർഷം 52 കോടി |

| | | | |
|---|---|---|---|
| | | | രൂപയും 2018-19 വർഷം ഇതുവരെ 41 കോടി രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ കൺസ്യൂമർ ഫെഡിനെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനും ജനകീയമാക്കുന്നതിനും സഹായകമായിട്ടുണ്ട്. കൂടാതെ 01.11.2016 പ്രാബല്യത്തിൽ കൺസ്യൂമർഫെഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കി. കൺസ്യൂമർ ഫെഡിൽ 24.01.2019 മുതൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നു. |
| സി) | പ്രതിസന്ധി നേരിട്ടിരുന്ന വിവിധ ക്രെഡിറ്റിതര സഹകരണ സംഘങ്ങളെ കരകയറ്റാനായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ? | സി) | ക്രെഡിറ്റിതര സഹകരണ സംഘങ്ങളെ കര കയറ്റുന്നതിനായി ഈ സർക്കാർ വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വനിതാ ഫെഡിനെ ശക്തിപ്പെടുത്തുന്നതിനായി നാളിതുവരെ ഓഹരി മൂലധനമായി 40,17,000/- രൂപയും ഗ്രാന്റിനത്തിൽ 2,06,03,500/- രൂപയും കെട്ടിടം വാങ്ങുന്നതിനായി 48,65,000/- രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമായി നടപ്പ സാമ്പത്തിക വർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി /പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷനും പട്ടിക ജാതി /പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുമായി നടപ്പ സാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ഇതിനു പുറമേ ഉപഭോക്തൃ സഹകരണ സംഘങ്ങൾ നീതി സ്റ്റോറുകൾ ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ , സ്കൂൾ, കോളേജ് , സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഓഹരി/ സബ്സിഡി അനുവദിക്കുന്നതിനായി 3.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രായോഗികമായ വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾക്കും ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിക്കായി 3.95 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 2.5098 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പല വക സഹകരണ സംഘങ്ങൾക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നതിൽ 7.2380 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ICDP,NCDC പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി സഹായങ്ങൾ നൽകിവരുന്നു. ഇത്തരത്തിൽ ക്രെഡിറ്റിതര സഹകരണ സംഘങ്ങളെ കരകയറ്റുന്നതിനായി ഈ സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ